# കേരള സർവകലാശാല

നം. പി.ആർ.143/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല ആഗസ്റ്റ് 30-ന് തുടങ്ങുന്ന എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി പരീക്ഷയ്ക്ക് ആഗസ്റ്റ് എട്ട് മുതൽ ഓൺലൈനായി (www.exams.keralauniversity.ac.in) രജിസ്റ്റർ ചെയ്യാം. പിഴകൂടാതെ ആഗസ്റ്റ് 18 (50 രൂപ പിഴയോടെ ആഗസ്റ്റ് 20, 250 രൂപ പിഴയോടെ ആഗസ്റ്റ് 23) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.പി.എ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല സ്വാതി തിരുനാൾ ഗവ. മ്യൂസിക് കോളേജിൽ ഒന്നാം വർഷ ബി.പി.എ (വീണ & മൃദംഗം) പ്രവേശനത്തിനുള്ള (2016-17) അപേക്ഷ ആഗസ്റ്റ് ആറ് വരെ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ബി.എ പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല ഒന്നാം വർഷ ബി.ബി.എ (സപ്ലിമെന്ററി - 2010 അഡ്മിഷൻ) പരീക്ഷയിൽ ആഗസ്റ്റ് 11-ന് നടത്താനിരുന്ന ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷ ആഗസ്റ്റ് 22-നും ആഗസ്റ്റ് 17-ന് നടത്താനിരുന്ന പ്രിൻസിപ്പിൾസ് ഓഫ് മാനേജ്മെന്റ് പരീക്ഷ ആഗസ്റ്റ് 11-നും നടത്തും. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.കോം ഫലം

കേരള സർവകലാശാല ഏപ്രിൽ/മേയിൽ നടത്തിയ അവസാന വർഷ ബി.കോം (ആന്വൽ സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ ഒമ്പത് വരെ അപേക്ഷിക്കാം.

### പ്രോജക്ട് ഫെലോ

കേരള സർവകലാശാല കാര്യവട്ടം ഫിസിക്സ് പഠനവകുപ്പിൽ എസ്.ഇ.ആർ.ബിയുടെ സഹായത്തോടെ റിസർച്ച് പ്രോജക്ടിൽ പ്രോജക്ട് ഫെലോയുടെ ഒഴിവിലേക്ക് ആഗസ്റ്റ് 18 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### എം.എ മ്യൂസിക് : സീറ്റൊഴിവ്

കേരളാ സർവകലാശാല സംഗീത പഠനവകുപ്പിൽ എം.എ മ്യൂസിക്കിൽ (സി.എസ്സ്.എസ്സ്) എതാനും സീറ്റുകൾ ഒഴിവുണ്ട്. താൽര്യമുള്ളവർ സംഗീത പഠനവകുപ്പുമായി ബന്ധപ്പെടുക.ഫോൺ: 0471-2308995, 9446663141, 9446926472.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ അഞ്ച് വരെ അപേക്ഷിക്കാം.

## പി.ജി.ഡി.എച്ച്.ആർ ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എച്ച്.എം ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2011, 2006 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ജനറേഷൻ യു.കെ. ഇൻഡ്യ

ബ്രിട്ടനിലെ പുതിയ തലമുറയിൽപ്പെട്ട യുവാക്കൾക്ക് ഇന്ത്യൻ സമൂഹത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും അറിവ് നേടുന്നതിനായി ബ്രിട്ടീഷ് കൗൺസിൽ ആരംഭിച്ചിരിക്കുന്ന ജനറേഷൻ യു.കെ. ഇൻഡ്യ പ്രോഗ്രാം അനുസരിച്ച് 21-നും 25-നും ഇടയിൽ പ്രായമുളള 41 യുവതികളും 6 യുവാക്കളും കേരള സർവകലാശാലയിൽ ആഗസ്റ്റ് എട്ട് മുതൽ രണ്ടാഴ്ച ചെലവഴിച്ച് കേരള ചരിത്രത്തേയും സാമൂഹിക ജീവിതത്തേയും കുറിച്ച് പഠനം നടത്തും. എല്ലാ ദിവസവും യോഗാക്ലാസ്സോടുകുടി ആരംഭിക്കുന്ന പഠന പരിപാടിയിൽ ഇന്ത്യയുടെ വിദേശനയം, സാമൂഹ്യ ജീവിതം, സ്ത്രീ ശാക്തീകരണം, സിനിമ, ഇന്ത്യൻ സാമൂഹ്യ മൂല്യങ്ങൾ, ഇന്ത്യൻ നിയമ വ്യവസ്ഥയിലെ ബ്രിട്ടീഷ് സ്വാധീനം, കായിക രംഗം, ആരോഗ്യ സംരക്ഷണം, ഇന്ത്യൻ ചരിത്രം, വിവര സാങ്കേതിക വിദ്യ വിപ്ലവം, ആയൂർവേദം എന്നീ വിഷയങ്ങളാണ് ചർച്ച ചെയ്യുന്നത്. ഡോ. ബാബു പോൾ, ഡോ. എൻ. കെ. ജയകുമാർ, ഡോ. അച്യുത് ശങ്കർ, ടി.പി. ശ്രീനിവാസൻ, ഡോ. കെ. എസ് ചന്ദ്രശേഖരൻ, ഡോ .ജെ. പ്രഭാഷ്, ഡോ. മീന. ടി .പിളള, ഡോ. ജി. എസ്. ജയശ്രീ, ഡോ. എം. രാമകൃഷ്ണൻ, ഡോ. ജി. പത്മകുമാർ, ഡോ. ജി കിഷോർ, ഡോ. ഉഷസുജിത് നായർ, ഡോ. രാമൻകുട്ടി എന്നിവർ പഠന ക്ലാസ്സുകൾ നയിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
05.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098